# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2389 08.05.2017 ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.യു.അരുണൻ | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടില്ല; എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും 8 ദിവസത്തെ അവധിക്കാല പരിശീലനം നൽകുന്നുണ്ട്. |
| ബി) ഉണ്ട് എങ്കിൽ പ്രസ്തുത പരിശീലനത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കാമോ? | ബി) അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ഐ.സി.ടി.അധിഷ്ഠിത പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. 38,000 അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് നാല് ദിവസത്തെ പ്രത്യേക ഐ.സി.ടി.പരിശീലനം 2017 ഏപ്രിൽമാസം നൽകി. കലാ-കായിക-ഭാഷാ വിഷയങ്ങൾ ഉൾപ്പെടെ 56,000 ഹൈസ്കൂൾ അദ്ധ്യാപകർക്ക് മൂന്ന് ദിവസത്തെ പ്രത്യേക വിഷയാധിഷ്ഠിത ഐ.സി.ടി. പരിശീലനം മെയ് മാസം എട്ട് മുതൽ ആരംഭിക്കുന്ന താണ്. ഹയർസെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 4 ദിവസത്തെ കമ്പ്യൂട്ടർ പരിശീലനവും ഈ അവധിക്കാലത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ